ജനുവരി 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

2018 നല്ല സ്മരണകളോടുകൂടി നമ്മോടു വിടപറയുന്നു. അനേകചരിത്ര സംഭവങ്ങളുടെ സ്മരണകൾ അയവിറക്കിയ ഒരു സംവത്സരത്തിനാണ് നാം സാക്ഷ്യം വഹിച്ചത്. ഇരുന്നൂറ് വർഷങ്ങൾക്കുമുമ്പ്, അന്ന് മലങ്കര സഭയിലെ മെത്രാപ്പോലീത്തയായിരുന്ന പുന്നത്ര മാർ ദിവാന്നാസിയോസ് അന്നത്തെ സഭയുടെ പശ്ചാത്തലത്തിൽ സഭയിൽ വരുത്തേണ്ടതായ നവീകരണ പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു പ്രത്യേക കമ്മറ്റിയെ നിയോഗിച്ച 1818-ൽ തന്നെയാണ് പിന്നീട് 13-ാം മാർത്തോമ്മാ ആയി ആരൂഢനായ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ഭൂജാതനായത്. Silent Night, Holy Night എന്ന വിശ്വവിഖ്യാതമായ ഗാനം രചിക്കപ്പെട്ടതും 1818ലാണ്. ഈ മൂന്ന് സംഭവങ്ങളുടെ ദ്വിശതാബ്ദി വർഷമാണ് 2018.

1918-ൽ മാരാമൺ കൺവൻഷനിൽ സാധു സുന്ദർസിംഗ് സന്നിഹിതനായി വചന പ്രഘോഷണം നിർവ്വഹിച്ച കാലം - ആ യോഗത്തിൽ ഇന്ത്യയുടെ സുവിശേഷ വൽക്കരണത്തെക്കുറിച്ച് അദ്ദേഹം ആഹ്വാനം നൽകിയപ്പോൾ ഒരു മാതാവ് തന്റെ ഉദരത്തിലുണ്ടായിരുന്ന കുഞ്ഞിനെ തന്റെ വലംകൈ ഉദരത്തോട് ചേർത്തുവച്ച്, മാരാമൺ കൺവൻഷൻ സാക്ഷിയാക്കി സുവിശേഷത്തിനായി പ്രതിഷ്ഠിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ആ കുഞ്ഞ് ജാതനായി. സുവിശേഷത്തിനായി സമർപ്പിക്കപ്പെട്ട ആ കുഞ്ഞാണ് ഇന്ന് നൂറ്റിയൊന്നാം വയസ്സിൽ ജീവിതയാത്ര കൃപയുടെ നിറവോടുകൂടി നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ എല്ലാം അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി. നമ്മുടെ വലിയ തിരുമേനിയുടെ ജീവിതശൈലി നാം നോക്കുകയാണെങ്കിൽ അന്നത്തെ ആ സമർപ്പണത്തിന്റെ ചൈതന്യവത്തായ എല്ലാ മാനങ്ങളും പിന്നിട്ടാണ് തിരുമേനി ഇന്നും എല്ലാവർക്കും അഭികാമ്യനായും ആദരണീയനായും ജീവിതയാത്ര മുൻപോട്ടു നയിക്കുന്നത് എന്ന് നിസംശയം പറയാൻ കഴിയും. തിരുമേനി, സഭയുടെ ചരിത്രത്തിലെ നിസ്തുല്യമായ അനേകം പദവികൾക്കും അംഗീകാരങ്ങൾക്കും പാത്രീഭൂതനായ ഇടയശ്രേഷ്ഠനാണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ഔദ്യോഗിക നിരീക്ഷകരായി പങ്കെടുത്തവരിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏക വ്യക്തി തിരുമേനിയാണ്. രാഷ്ട്രം പത്മവിഭൂഷൺ ബഹുമതി നൽകി തിരുമേനിയെ ആദരിച്ചു. 100 വർഷങ്ങൾക്കുമുമ്പ് മാരാമൺ മണപ്പുറത്തുവച്ച് തന്റെ കുഞ്ഞിനെ ഈ വലിയ ശുശ്രൂഷയ്ക്കായി സമർപ്പിച്ച ആ ധന്യമാതാവിനെയും പിതാവിനെയും നമുക്ക് അനുസ്മരിക്കാം. ആ മകന്റെ ധന്യജീവിതത്തെയോർത്ത് സ്തോത്രം കരേറ്റാം.

സ്ത്രീ ശാക്തീകരണം, സ്ത്രീ സമത്വം എന്നീ ദർശനങ്ങളൊന്നും കേട്ടുകേൾവി പോലുമില്ലാത്ത ഒരു കാലഘട്ടത്തിലാണ്, 1904 ലെ മാരാമൺ കൺവൻഷനിൽനിന്നു ലഭിച്ചതായ പ്രചോദനം ഉൾക്കൊണ്ട് 100 വർഷംമുൻപ് 1918ൽ സ്ത്രീജനസുവിശേഷക സേവികാസംഘം സഭയിൽ രൂപീകൃതമായത്. ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ശ്രീമതി കാണ്ടമ്മ തുമ്പമൺ, മിസ്സിസ് എം.സി. അലക്സാണ്ടർ ചെട്ടികുളങ്ങര, ശ്രീമതി മറിയം ശാമുവേൽ, ശ്രീമതി സൂസി ഡേവിഡ് എന്നിവരുടെ സേവനങ്ങൾ നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. മാർത്തോമ്മാ സുവിശേഷക സേവികാസംഘത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഒരു സംവത്സരം കൂടിയാണല്ലോ ഇത്. സ്ത്രീ ശാക്തീകരണ ദർശനം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രാരംഭനാളുകളിൽ അന്നത്തെ മെത്രാപ്പോലീത്തായുടെ പ്രത്യേകക്ഷണ പ്രകാരം സി.എം.എസ്. മിഷന്റെ മിഷനറിയായിരുന്ന മിസ്. കെല്ലവേ, മിഷന്റെ അനുവാദത്തോടുകൂടി ഡെപ്യൂട്ടേഷനിൽവന്ന് നമ്മുടെ ഈ പ്രസ്ഥാനത്തിന് ദീർഘസംവത്സരങ്ങൾ സമുജ്ജ്വലമായ നേതൃത്വം നൽകുകയുണ്ടായി. ഓസ്ട്രേലിയയിലേക്ക് തിരികെ മടങ്ങുന്ന നാൾവരെയും ആ മഹതിയുടെ സേവനങ്ങൾ നമ്മുടെ ഈ പ്രസ്ഥാനത്തിന് ലഭിച്ചു എന്നത് നന്ദിയോടുകൂടി നാം ഓർക്കണം. മിസ്. നിക്കോൾസൺ നേതൃത്വം നൽകി സ്ഥാപിച്ച തിരുവല്ല നിക്കോൾസൺ ഗേൾസ് സ്കൂൾ സഭയുടെ സ്ത്രീ ശാക്തീകരണദർശനത്തിന്റെ സമുന്നതമായ ഒരടയാളമായിട്ടാണ് അന്ന് തുടങ്ങിയത്. പിന്നീട് സേവികാസംഘത്തിന്റെയും പല ഇടവകകളുടെയും ആഭിമുഖ്യത്തിൽ പല ഗേൾസ് സ്കൂളുകളും ആരംഭിക്കുകയുണ്ടായി. കൊട്ടാരക്കര ഗേൾസ് സ്കൂൾ സേവികാസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു സ്കൂളാണ്. ഇന്ന് സേവികാസംഘത്തിന്റെ ശതാബ്ദി ആഘോഷ പരിപാടികൾ സമുചിതമായി നിർവ്വഹിക്കപ്പെട്ടുവരികയാണ്. മാരാമൺ കൺവൻഷൻ തുടങ്ങുന്നതിന്റെ തലേദിവസം ഫെബ്രുവരി 9-ാം തീയതി ലോക മാർത്തോമ്മാ വനിതാ സമ്മേളനം മാരാമൺ മണൽപ്പുറത്ത് നടക്കുകയാണല്ലോ. ഈ സമ്മേളനത്തിൽ നമ്മുടെ സേവികാസംഘാംഗങ്ങളെല്ലാം പങ്കെടുത്ത് ഈ സമ്മേളനം ഏറെ അനുഗൃഹീതമായ ഒരു ചരിത്രസംഭവമാക്കി തീർക്കണമെന്ന് അറിയിക്കുന്നു. സേവികാസംഘത്തിന്റെ പ്രാരംഭകാലപ്രവർത്തനങ്ങളിൽ അത്മായ സ്ത്രീജന പങ്കാളിത്തം മുൻനിരയിൽത്തന്നെ വളരെ സജീവമായിരുന്നു. എന്നാൽ ഇന്ന് ആ പങ്കാളിത്തം കുറഞ്ഞുപോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വരുംനാളുകളിൽ കൂടുതൽ അത്മായ സ്ത്രീജനപങ്കാളിത്തം ഉറപ്പുവരുത്താൻ എല്ലാവരും ഉത്സാഹിക്കേണ്ടതത്രെ.

ഷെവലിയാർ എം.ഐ. വർഗീസ് ഫൗണ്ടേഷന്റെ 15-ാമത് ജനസേവാ പുരസ്കാരത്തിന് നമ്മെ തെരഞ്ഞെടുത്തത് സഭയ്ക്കു ലഭിച്ച ഒരു അംഗീകാരമായിട്ടാണ് നാം കരുതുന്നത്. കോതമംഗലം പുതുപ്പാടി മെറിയൻ അക്കാദമിയിൽവച്ച് ഡിസംബർ 15-ാം തീയതി പുരസ്കാരസമർപ്പണം നടക്കുകയുണ്ടായി. പ്രകൃതി നിർമ്മിതവും മനുഷ്യനിർമ്മിതവുമായ ദുരന്തങ്ങൾ ഒറീസ്സായിലും ആന്ധ്രായിലും പശ്ചിമബംഗാളിലും മഹാരാഷ്ട്രയിലെ ലത്തൂരിലും ഉസ്മാനിയബാദിലും കാശ്മീർ താഴ്വരയിലെ ജമ്മുവിലും ഗുജറാത്തിലെ ഫുജ് ഗാന്ധിധാം ജില്ലയിലും തെക്കേ ഇന്ത്യയിലും സുനാമി ബാധിത പ്രദേശങ്ങളിലും ഉണ്ടായപ്പോൾ casa യുടെ നേതൃത്വനിരയിൽനിന്ന് ആശ്വാസപ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും നാം നേതൃത്വം നൽകിയതിനാണ് ഈ പുരസ്കാരം നൽകി നമ്മെ ആദരിച്ചത്.

വൈദീകരുടെ ഈ സംവത്സരത്തിലെ വാർഷിക കോൺഫ്രൻസിന് നേതൃത്വം നൽകി. ആനുകാലിക സാഹചര്യങ്ങളിൽനിന്നും നിരവധി സമ്മർദ്ദങ്ങളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന ജനത്തിന് സാക്ഷ്യത്തിന്റെ ഉത്തരവാദിത്വം ചൂണ്ടിക്കാണിക്കുവാൻ ഈ കോൺഫ്രൻസ് ഇടയായിത്തീർന്നു.

ദൈവത്തിന്റെ മനുഷ്യമുഖം ക്രിസ്തു ലോകത്തിന് വെളിപ്പെടുത്തിയതുപോലെ മറ്റുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള ദൗത്യമാണ് നമുക്കുള്ളത്. അതു സാധ്യമാകണമെങ്കിൽ ക്രിസ്തുവിന്റെ തേജസ്സ് നാം യഥാർത്ഥത്തിൽ ഉൾക്കൊള്ളണം. ക്രിസ്തുവിന്റെ പ്രകാശം ഏറ്റുവാങ്ങി ലോകത്തിന് പ്രകാശം കൊടുക്കുന്നതാണ് സഭയുടെ ധർമ്മം. നമ്മുടെ സഭയുടെ എംബ്ലത്തിൽ കാണുന്ന Lighted to Lighten (പ്രകാശനായ പ്രകാശിതഃ) എന്ന ആപ്തവചനത്തിന്റെ പൊരുളും ഇതുതന്നെയാണ്. "വചനം ജഢമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായികണ്ടു." (യോഹന്നാൻ 1:14) സൂര്യന്റെ രശ്മികൾക്ക് ഉഗ്രമായ ചൂടാണുള്ളത്. എന്നാൽ സ്വയം പ്രകാശംകൊടുക്കുവാൻ ശേഷിയില്ലാത്ത ചന്ദ്രൻ സൂര്യന്റെ പ്രകാശം ഏറ്റുവാങ്ങി ഭൂമിക്ക് നൽകുമ്പോൾ അതിന്റെ കുളിർമ്മയും നിലാവിന്റെ സൗന്ദര്യവും നമുക്ക് അനുഭവവേദ്യമാകും. ദൈവത്തിന്റെ ന്യായവിധിയുടെ ചൂടിൽനിന്നും നമ്മെ രക്ഷിക്കുന്നത് ക്രിസ്തുവിലൂടെ പകരപ്പെടുന്ന കൃപയുടെ നിലാവാണ്. 2019 ലേക്ക് പ്രവേശിക്കുമ്പോൾ ക്രിസ്തുവിലൂടെ പകരപ്പെടുന്ന സ്നേഹനിലാവിന്റെ കുളിർമ്മയും സൗന്ദര്യവും അർത്ഥവത്തായി ആസ്വദിക്കുവാനും ആ കുളിർമ്മയുടെ ധന്യത മറ്റുള്ളവർക്കു പകരുവാനും ദൈവം നമുക്ക് കൃപ പകരട്ടെ.

ആഗമനകാലത്തെ വിളിച്ചറിയിച്ചുകൊണ്ട് നമ്മുടെ സഭയുടെ ദിവ്യസംഗീത വിഭാഗമായ DSMC യുടെ നേതൃത്വത്തിൽ തിരുവല്ലായിൽ വച്ചുനടന്ന 'പുൽക്കൂട്ടിൽ പൂക്കാലം' എന്ന ക്രിസ്തുമസ് ഗാനസന്ധ്യ വളരെ അനുഗ്രഹീതമായിരുന്നു. തിരുവല്ലായിലും പരിസരത്തുമുള്ള സ്കൂൾ കുട്ടികൾ ഒരുക്കിയ കലാപരിപാടികൾ വളരെ ശ്രദ്ധേയമായിരുന്നു. വിദ്യാർത്ഥികൾക്കും സംഘാടകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. M.T. & E.A. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ മാർത്തോമ്മാ ട്രോഫിക്കുവേണ്ടിയുള്ള കായികമേള നവംബർ മാസത്തിൽ നടക്കുകയുണ്ടായി. എപ്പിസ്കോപ്പൽ സിനഡും നവംബർ മാസത്തിൽ നടന്നു. 2019 മെയ് മാസത്തിൽ നിയമനം നടത്തപ്പെടുന്ന വൈദീകരുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി എന്നത് അറിയിക്കട്ടെ. ഇന്ത്യയിലെ തദ്ദേശീയ മിഷനറി പ്രസ്ഥാനമായ NMS ന്റെ സ്ഥാപക ദിനം ചെന്നൈയിൽവച്ച് നടത്തപ്പെട്ടപ്പോൾ മുഖ്യാതിഥിയായി പങ്കെടുത്തു. ഒന്നാം ലോക മഹായുദ്ധ കാലഘട്ടത്തിൽ ജർമ്മൻകാർ നേതൃത്വം നൽകിയിരുന്ന ബാസൽ ഇവാൻജലിക്കൽ മിഷൻ പ്രവർത്തകരെ ഇന്ത്യയിൽ നിന്ന് നിഷ്കാസനം ചെയ്തപ്പോൾ മിഷൻ പ്രവർത്തനങ്ങൾ അവർ ഭരമേല്പിച്ചുപോയത് തദ്ദേശമിഷനറി പ്രസ്ഥാനങ്ങളെയായിരുന്നു. ഇക്കാര്യത്തിൽ സുവിശേഷപ്രസംഗസംഘവുമായി അവർ ബന്ധപ്പെട്ടിരുന്നു. സൗത്ത് കാനറായിലും നോർത്ത് കാനറായിലും ഉണ്ടായിരുന്ന മിഷൻ സ്ഥാപനങ്ങൾ ചങ്ങ ൽനിന്നും മാർത്തോമ്മാ സുവിശേഷപ്രസംഗസംഘം ഏറ്റെടുത്തത് ഈ പശ്ചാത്തലത്തിലാണ്. അവർ ആവശ്യപ്പെട്ടത് അനുസരിച്ച് ആ പ്രദേശങ്ങളിലുള്ള പ്രവർത്തനങ്ങളും സുവിശേഷപ്രസംഗസംഘം ഏറ്റെടുത്തു. നമ്മുടെ പ്രഗത്ഭരായ സുവിശേഷകർ ആ പ്രദേശങ്ങളിൽപോയി പ്രവർത്തിക്കാൻ തയ്യാറായി. കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയിരുന്ന ശ്രീ. സാമുവൽ മത്തായി, തിരുവനന്തപുരം റെസിഡൻഷ്യൽ സ്കൂൾ പ്രിൻസിപ്പലായിരുന്ന ശ്രീ. തോമസ് മത്തായി, ശ്രീ. സ്റ്റീഫൻ മത്തായി എന്നിവരുടെ പിതാവും ഇന്ത്യയുടെ അംബാസിഡറായിരുന്ന ശ്രീ. രെഞ്ചൻ മത്തായിയുടെ പിതാമഹനുമായിരുന്ന ശ്രീ. സാമുവേൽ, കാലം ചെയ്ത ഡോ.അലക്സാണ്ടർ മെത്രാപ്പോലീത്തായുടെ മാതുലനും, തിരുവല്ലാ ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളജിന്റെ പ്രിൻസിപ്പലുമായിരുന്ന ഡോ.എ.വി. മാത്യു, റവ.എം.പി. ഫിലിപ്പോസച്ചൻ, വികാരി ജനറാൾ വെരി റവ.പി.ജെ.തോമസ് അച്ചൻ, റവ.പി. ജോൺ തോമസ് അച്ചൻ, അന്നൊരു യുവാവായിരുന്ന ധർമ്മിഷ്ഠൻ (ഇപ്പോൾ അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ) ആദിയായ പ്രശസ്തരായ വ്യക്തികൾ ഉൾപ്പെട്ട ഒരു സംഘമാണ് അന്ന് ഈ മിഷൻ ഫീൽഡുകളിലേക്ക് പോയത്. നമ്മുടെ സഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു ആ സംഭവം. കർണ്ണാടക മിഷൻ എന്ന പേരിലും പിന്നീട് ബാഹ്യകേരള മിഷൻ എന്ന പേരിലും പിൽക്കാലത്ത് വിദേശ മിഷൻ എന്ന പേരിലും ഈ മേഖലയിലെ പ്രവർത്തനങ്ങൾ അറിയപ്പെട്ടു. ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ഈ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് സഭയായി വേർതിരിച്ചിരിക്കുന്നത്.

ആലുവാ ശാന്തിഗിരി ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ശാന്തിപ്രഭാഷണത്തിൽ നാമും പങ്കെടുത്തു. ശാന്തി പ്രഭാഷണം നിർവ്വഹിച്ചത് റിട്ട. മഹാരാഷ്ട്ര ഗവണ്മെന്റ് സെക്രട്ടറി ഡോ.ബഞ്ചമിൻ ഐ.എ.എസ്. ആയിരുന്നു. ശാന്തിഗിരി ആശ്രമത്തിന്റെ പ്രവർത്തനങ്ങളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

ചെങ്ങന്നൂർ കോളേജിൽ നാലു വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗവണ്മെന്റിന്റെ അനുവാദം ലഭിച്ചതിന്റെ വെളിച്ചത്തിൽ സ്റ്റാഫ് സെലക്ഷൻ നടന്നു. ആ സെലക്ഷൻ കമ്മിറ്റിയിൽ ഗവണ്മെന്റു നോമിനികളായി പങ്കെടുത്തവരുടെ ഒരു പ്രസ്താവന ഒരു സാക്ഷ്യമായിരുന്നു - "ഞങ്ങൾ പല കോളേജുകളിലും സ്റ്റാഫ് സെലക്ഷനു വേണ്ടി പോയിട്ടുണ്ട്. യാതൊരുവിധ ബാഹ്യ സമ്മർദ്ദങ്ങളുമില്ലാതെ നടക്കുന്ന ശരിയായ ഒരു സെലക്ഷൻ ഇവിടെ ഞങ്ങൾ കാണുന്നു" എന്നാണ് അവർ സാക്ഷ്യം പറഞ്ഞത്. നാല് വിഷയങ്ങൾക്കുകൂടി സെലക്ഷൻ നടക്കാനുണ്ട്. ഗവണ്മെന്റ് നോമിനിയെ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്.

നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ പ്രളയബാധിതർക്ക് വീട് നിർമ്മിച്ചുനൽകുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഭവനം വെച്ചുനൽകുന്നതിന് കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട് ഭാഗത്ത് നമ്മുടെ ആദരണീയനായ റവ.സി.വി.ജോൺ അച്ചന്റെ പിതൃസ്വത്തായി ഉണ്ടായിരുന്ന വസ്തുവിൽനിന്നും 62 സെന്റ് സ്ഥലം മക്കൾ നല്കിയപ്പോൾ അവിടെ നമ്മുടെ ഭവന നിർമ്മാണ പദ്ധതിയുടെ ശിലാസ്ഥാപനം നടത്തുന്നതിന് സാധിച്ചു. ഏഴരലക്ഷം രൂപ ചെലവുചെയ്ത് 503 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങളാണ് ഓരോ 5 സെന്റ് ഭൂമിയിലും ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. 100 വീടുകൾ വെയ്ക്കണമെന്നാണ് ആശിക്കുന്നത്. ഇനിയും കൂടുതൽ വീടുകൾ വെയ്ക്കാനായി സ്ഥലവും നമുക്ക് ആവശ്യമായിട്ടാണ് ഇരിക്കുന്നത്. സ്ഥലമായോ പണമായോ നൽകുവാൻ സുമനസ്സുകളായ ആളുകളെ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. സംഭാവനകൾ നൽകുന്നവർ സഭാസെക്രട്ടറിയുടെ പേരിൽ സഭാ ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

Vatican Pontifial Council For Promoting Christian Unity യുടെ സെക്രട്ടറിയായിരിക്കുന്ന Bishop Brian Farrell നമ്മെ പൂലാത്തീനിൽ എത്തി സന്ദർശിക്കുകയും ഒരു മണിക്കൂറോളം സൗഹൃദ സംഭാഷണം നടത്തുകയും ചെയ്തത് ഹൃദ്യമായ ഒരനുഭവമായിരുന്നു.

വൈദീക സെലക്ഷൻ കമ്മിറ്റിയുടെ ഒരു യോഗം നടക്കുകയുണ്ടായി. നോൺ സ്പോൺസേർഡ് അപേക്ഷകരെ സംബന്ധിച്ചുള്ള തീരുമാനം എടുത്തു. വളരെ നിർഭാഗ്യകരമെന്നു പറയട്ടെ, കമ്മിറ്റിയുടെ ഉള്ളിലെ സംസാരം അതിലെ ഒരു കമ്മിറ്റി അംഗം റെക്കോർഡ് ചെയ്യുകയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തത് സംസ്കാരരഹിതവും അനഭിലഷണിയവും സാമാന്യമര്യാദക്ക് നിരക്കാത്തതുമായ ഒരു അനുഭവമായിരുന്നു. സത്യാവസ്ഥ മനസ്സിലാക്കാതെ നിരുത്തരവാദപരമായി ചെയ്തിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ മറ്റുള്ളവരിൽ തെറ്റിദ്ധാരണ ജനിപ്പിക്കുവാൻ മാത്രമേ സഹായകരമാവുകയുള്ളൂ. ഈ സമീപനം ആർക്കും ഒരിക്കലും അഭിലഷണീയമല്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനി വെല്ലൂരിൽപോയി പേസ്മേക്കർ വച്ച് മടങ്ങി ട്രെയിനിൽ യാത്ര ചെയ്ത് നാട്ടിൽ എത്തുകയുണ്ടായി. ട്രെയിനിൽ വന്ന തിരുമേനിയെ റെയിൽവേ സ്റ്റേഷനിൽ സ്വീകരിക്കുകയും തിരുമേനി പൂലാത്തീനിൽ

എത്തി പ്രഭാതഭക്ഷണം കഴിച്ച് മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ ഈ യാത്ര തിരുമേനിയെ ക്ഷീണിതനാക്കിയിരുന്നു. ഹോസ്പിറ്റലിൽ തിരുമേനി പ്രവേശിപ്പിക്കപ്പെട്ടു. തിരുമേനിക്ക് വേണ്ടതായ പരിചരണം ആശുപത്രിയിൽ നൽകിവരുന്നു. തിരുമേനി ഇപ്പോൾ കൂടുതൽ സമയവും വിശ്രമത്തിലാണ്. തിരുമേനിക്ക് ഈ സ്ഥിതിയിൽ ആവശ്യമായ ദൈവകൃപ ലഭിക്കേണ്ടതിനായി നാം എല്ലാവരും പ്രാർത്ഥിക്കണം. നമ്മുടെ സഭയിലെ, വെല്ലൂരിൽ ചികിത്സയിലായിരുന്ന റവ. റ്റി.സി. ചെറിയാൻ അച്ചൻ ശാരീരികമായ പല പരിമിതികളുണ്ടെങ്കിലും ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്യുകയുണ്ടായി. റവ.കെ.റ്റി. ഏബ്രഹാം അച്ചനും പ്രാഥമിക ചികിത്സക്കായുള്ള ഓപ്പറേഷന് വിധേയനായി. അടുത്ത സമയത്ത് നിര്യാതനായ റവ.എബി തമ്പി നൈനാൻ അച്ചനും വെല്ലൂരിൽ ചികിത്സയിലായിരുന്നുവല്ലോ. ഈ പട്ടക്കാരുടെ ചികിത്സയ്ക്ക് പ്രത്യേക സംഭാവന നൽകിയ സുമനസ്സുകളോടുള്ള സ്നേഹം അറിയിക്കുന്നു. ഈ പട്ടക്കാരുടെ ചികിത്സ സംബന്ധമായ ആവശ്യത്തിലേക്കായി ഏകദേശം 40 ലക്ഷം രൂപയോളം വേണ്ടിവന്നു.

നമ്മുടെ സഭയിൽ വിവിധ രംഗങ്ങളിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിച്ച സീനിയർ വൈദീകനായ നിരണം മണലേൽ പ്ലാപ്പുഴേത്ത് റവ. ജോർജ്ജ് അലക്സാണ്ടർ (93) നിര്യാതനായി. നിനച്ചിരിക്കാത്ത സമയത്താണ് കർതൃസന്നിധിയിലേക്ക് അച്ചൻ വിളിച്ചുചേർക്കപ്പെട്ടത്. "നീ ഇഷ്ടപ്പെടുന്ന സമയത്തും സ്ഥലത്തും വിധത്തിലും നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലേക്ക് ഞങ്ങളെയും ചേർത്തുകൊള്ളേണമേ" എന്ന് നമ്മുടെ ആരാധനാക്രമത്തിൽ യാക്കോബിന്റെ തക്സായിലെ പ്രാർത്ഥന അന്വർത്ഥമാക്കി ആദരണീയനായ അച്ചൻ സമാധാനസേനയോട് ചേർക്കപ്പെട്ടു. അച്ചന്റെ ധന്യമായ ജീവിതത്തിനായി സ്തോത്രം. നമ്മുടെ വികാരി ജനറാൾ വെരി റവ. സ്കറിയാ ഏബ്രഹാം അച്ചന്റെ മാതാവും നമ്മുടെ സെക്രട്ടറിയായിരിക്കുന്ന റവ. ഷിജോയി ഏബ്രഹാം സ്കറിയ അച്ചന്റെ പിതാമഹിയും ആയിരിക്കുന്ന ശ്രീമതി മറിയാമ്മ ഏബ്രഹാം (90) നിര്യാതയായി. വെല്ലൂരിൽ ചികിത്സയിലായിരുന്ന പുനലൂർ മാത്ര തൈപ്പറമ്പിൽ റവ. എബി തമ്പി നൈനാൻ (34) 2018 ഡിസംബർ 19-ാം തീയതി നിര്യാതനായി. ശവസംസ്കാര ശുശ്രൂഷ 20-ാം തീയതി നടന്നു. ശുശ്രൂഷ ചെയ്ത നാളുകൾ അത്രയും ഏറ്റവും സജീവമായും ആത്മാർത്ഥമായും പ്രാഗത്ഭ്യത്തോടെ ശുശ്രൂഷ ചെയ്ത അച്ചന്റെ ശുശ്രൂഷകളെ സഭ നന്ദിയോടുകൂടി ഓർക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോട് സഭയുടെ അനുശോചനം അറിയിക്കുന്നു.

നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലുള്ള പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നമ്മുടെ സഭയുടെ വിഹിതമായി നൽകേണ്ടത് 10 ലക്ഷം രൂപയാണ്. ഇക്കാര്യത്തിലും സുമനസ്സുകളുടെ സംഭാവനകൾ പ്രതീക്ഷിക്കുന്നു.

പുതുവത്സരം സാധ്യതകളുടെ ഒരു വാതിൽ നമുക്ക് മുൻപിൽ തുറന്നുതന്നിരിക്കുകയാണ്. പ്രതികൂലതകളിൽ തളർന്നുപോകാതെയും അനുകൂലതകളിൽ പതറിപ്പോകാതെയും കർത്താവിനോടുകൂടി ചേർന്ന് പുതുവത്സരത്തിന്റെ ധന്യത ഉൾക്കൊള്ളുവാനും അനേകർക്ക് ധന്യത പകരുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവ് സ്നാപനം ഏറ്റതിനെക്കുറിച്ചാണ് ജനുവരി 6-ാം ഞായറാഴ്ച നാം ധ്യാനിക്കുന്നത്. നമ്മുടെ കർത്താവായ യേശുക്രിസ്തു മാനവികതയുടെ ധന്യതയിലായിരുന്നുവെങ്കിലും നമ്മെ മാനവികതയുടെ ദാരിദ്ര്യത്തിൽനിന്നും വീണ്ടെടുക്കുവാൻ സ്വയം ദരിദ്രനായിത്തീർന്ന ക്രിസ്തുവിന്റെ സ്നേഹത്തെയാണ് സ്നാപനത്തിലൂടെ നാം പ്രഘോഷിക്കുന്നത്. കർത്താവിന്റെ സ്നാപനത്തിൽ നാം കാണുന്നത് പാപമില്ലാത്തവനായ ക്രിസ്തു പാപികളായ നമ്മോട് ഐക്യദാർഢ്യം പുലർത്തുന്നതിന്റെ അടയാളമാണ്. ജനുവരി 8-ാം തീയതി വിശുദ്ധ സ്തെഫാനോസിന്റെ നാൾ നാം അനുസ്മരിക്കുന്നു. സഭയുടെ ആദ്യത്തെ രക്തസാക്ഷിയായി സ്തെഫാനോസ് സഹദേന്മാരുടെ കൂട്ടത്തിലേക്ക് ചേർക്കപ്പെട്ടത് ഏറ്റവും മഹത്വകരമായ സ്വർഗ്ഗീയ ദർശനം കണ്ടുകൊണ്ടാണ്. ആ വിശ്വാസം, ആ സാക്ഷ്യത്തിന്റെ ധീരത നമുക്കെന്നും പ്രചോദനവും മാതൃകയുമാണ്. ജനുവരി 13 ഞായറാഴ്ച ലഹരി വിരുദ്ധ ദിനമായിട്ടാണ് ആചരിക്കുന്നത്. മദ്യപാനം, ലഹരി മരുന്നുപയോഗം, ആധുനിക കാലഘട്ടത്തിൽ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ദുഷ്പ്രചരണങ്ങൾ എന്നിവയെല്ലാം സാമൂഹ്യദോഷങ്ങൾതന്നെയാണ്. മദ്യാസക്തനായിരിക്കുന്ന ഒരാൾ മറ്റുള്ളവർക്കും കൂടി മദ്യം പകർന്നുകൊടുക്കുന്നതുപോലെയാണ് പലരും സാമൂഹ്യമാധ്യമങ്ങളിലൂടെ തെറ്റിദ്ധാരണകൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നത്. ഇതെല്ലാം ഒരുതരം ലഹരിയുടെ ലക്ഷണങ്ങളാണ്. മാനത്തോടെ ഇരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ അന്വർത്ഥമാക്കിത്തീർക്കുന്ന ഇത്തരം സാമൂഹ്യതിന്മകളിൽനിന്ന് നാം വിട്ടിരിക്കുകയും അവയുടെ കെണികളിൽകുടുങ്ങാതെ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടത് ഏറെ ആവശ്യമാണ്. ജനുവരി 20 ഞായറാഴ്ച എക്യുമെനിക്കൽ ഞായറാണ്. എക്യുമെനിസം സഭകളുടെ തലത്തിൽ മാത്രമല്ല മതങ്ങളുടെയും സംസ്കാരങ്ങളുടെയും തലത്തിലും ഇന്ന് ഏറെ അനിവാര്യമാണ്. ശബരിമല ശാസ്താവിനെക്കുറിച്ചുള്ള ഐതീഹ്യം തന്നെയും ശൈവ സംസ്കാരത്തിന്റെയും വൈഷ്ണവ സംസ്കാരത്തിന്റെയും ഒരു സമ്മേളനം എന്ന നിലയിലാണ്. അതോടൊപ്പം ബൗദ്ധസംസ്കാരവും ചേർന്നുവന്നു. ഈ സംസ്കാരങ്ങളും ഇസ്ലാം സംസ്കാരവും ക്രൈസ്തവ സംസ്കാരവും ഒത്തുചേർന്ന ഒരു മതസാഹോദര്യ ദർശനം കേരളത്തിന്റെ ഒരു പൂർവ്വകാല മഹത്വത്തിന്റെ അടയാളം തന്നെയായിരുന്നു. സവർണ്ണ അവർണ്ണ ഭേദമൊന്നും നമ്മുടെ ഈ സാഹോദര്യദർശനത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഏതിനെയും വിഭാഗീയതയുടെ വേദിയാക്കി മാറ്റുന്ന സമീപനങ്ങൾ എത്രയോ വേദനാജനകമാണ്. രാഷ്ട്രീയത്തിന്റെ അതിപ്രസരത്താൽ നമ്മുടെ സാഹോദര്യത്തിന്റെ ഏറ്റവും സുന്ദരമായ ദർശനങ്ങളും അനുഭവങ്ങളും നശിച്ചുപോകാതിരിപ്പാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. ഭാരതത്തെ ദൈവത്തിന്റെ രാജ്യമായും (രാമരാജ്യം) ഭാരതത്തിന്റെ പൗരന്മാരെ ദൈവത്തിന്റെ മക്കൾ (ഹരിജനങ്ങൾ) ആയിട്ടുമാണ് ഗാന്ധിജി ദർശിച്ചിരുന്നത്. എന്നാൽ നാം ഇന്ന് ഈ ഉന്നതമായ ദർശനത്തിൽനിന്നും അകന്നുപോകുകയാണോ എന്ന് ചിന്തിക്കണം. ആർഷഭാരതത്തിന്റെ ദർശനം തന്നെ മാനവികതയുടെ സാഹോദര്യദർശനമാണ്. ഇന്ന് മനുഷ്യബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും എന്തു പുരോഗതിയാണ് നമുക്ക് ദർശിക്കാനുള്ളത്. സാമ്പത്തികമായി രൂപയുടെ മൂല്യം ഇന്ന് തകർന്നിരിക്കുകയാണ്. 1968 ൽ 1 ഡോളറിന് 4 രൂപ 50 പൈസയാണ് വിലയുണ്ടായിരുന്നതെങ്കിൽ ഇന്ന് എഴുപത്തിരണ്ട് രൂപയാണ്. കുവൈറ്റ് ദിനാറിന് അന്നത്തെ മൂല്യത്തിൽ 10 രൂപ വിലയുണ്ടായിരുന്നെങ്കിൽ ഇന്നത് 245 രൂപ ആയിരിക്കുന്നു. രൂപയ്ക്ക് സംഭവിച്ച മൂല്യശോഷണം ആണ് നാം ഇവിടെ കാണുന്നത്. മനുഷ്യബന്ധങ്ങളുടെ വിലയും ഇന്ന് എത്രമാത്രം ഇടിഞ്ഞിരിക്കുന്നു?. ഒരു മനുഷ്യൻ സകലവും നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം എന്ന് കർത്താവ് ചോദിച്ചത് എക്കാലത്തും പ്രസക്തമായ ചോദ്യമാണ്. കർത്താവിന്റെ ഈ പ്രാർത്ഥന നമുക്ക് അനുസ്മരിക്കാം.

"അവരെ ലോകത്തിൽനിന്ന് എടുക്കേണം എന്നല്ല, ദുഷ്ടന്റെ കൈയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്." (യോഹന്നാൻ 17:15)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
26-12-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**